LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവ സായ യൂണിറ്റുകൾക്ക് എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഷെഡു കളാണ് ഹയർ പർചേസ് വ്യവസ്ഥയിൽ നൽകുന്നത്. കൂടാതെ സ്റ്റേറ്റ് ഇൻവെ സ്റ്റ്മെന്റ് സബ്സിഡി, സെയിൽസ്ടാക്സ് എക്സംപ്ഷൻ, മാർജിൻ മണി ലോൺ, പവർതാരീഫ് കൺസഷൻ തുടങ്ങിയവയും അനുവദിക്കുന്നുണ്ട്. ഇതിനു പുറമേ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള സെയിൽസ് എംമ്പോ റിയം വഴി ടി യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് വിപണന മേഖലകൾ കണ്ടെ ത്തുവാനുള്ള സഹായവും ദുർലഭമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാ ക്കാൻ സഹായിക്കുകയും ചെയ്യുന്നു.

(സി) സിക്ക് യൂണിറ്റ് റിവൈവൽ പ്രോഗ്രാം അനുസരിച്ച് നഷ്ട ത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ആനുകൂല്യങ്ങൾ നൽകാനുണ്ട്.

(ഡി) സിഡ്കോയുടെ ആഭിമുഖ്യത്തിൽ 17 കൺവെൻഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും 36 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും വ്യവ സായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 74 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ഒരു ഫംഗ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റും ഒരു കെമിക്കൽ ഇൻഡസ്ട്രീ യൽ എസ്റ്റേറ്റും നിലവിലുണ്ട്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്)വ്യവസായ വകുപ്പ് 2,61,594 രൂപയും സിഡ്കോ 3,53,517 രൂപയും ചെലവഴിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ വിദേശപ രൃടനം

35 (2091)ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. വി. ബാലറാം :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവ സായ വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥന്മാർ വിദേശ പര്യടനം നടത്തിയി ട്ടുണ്ട്;

(ബി) അവർ വിദേശ പര്യടനം നടത്തിയതിന്റെ ഉദ്ദേശം എന്തെല്ലാമാ യിരുന്നുവെന്ന് അറിയിക്കുമോ;

(സി) അവർ വിദേശത്ത് ആരെല്ലാമായി ചർച്ച നടത്തിയിട്ടുണ്ട്;

(ഡി) അവരുടെ ചർച്ചയുടെ ഫലമായി സംസ്ഥാനത്ത് ഏതെല്ലാം വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ഇ) അവരുടെ വിദേശപര്യടനം മൂലം സംസ്ഥാനത്തിന് എന്തെല്ലാം നേട്ടമുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)മുതൽ(ഇ)വരെ വിവരം ശേഖരിച്ചു വരുന്നു.

"വ്യവസായഗൈഡ്"

36 (2092)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഭവശേഷിയും ഉൽപ്പന്നങ്ങളുടെ വിപണനസാദ്ധ്യതകളും കണക്കിലെടുത്ത് പുതുതായി തുടങ്ങാവുന്ന വ്യവസായ സംരംഭങ്ങൾ ഏതെ ല്ലാമാണെന്ന് കാണിക്കുന്ന ഒരു വ്യവസായഗൈഡ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ ജില്ലാടിസ്ഥാനത്തിലോ, താലൂക്കടിസ്ഥാനത്തിലോ, ബ്ലോക്കടിസ്ഥാനത്തിലോ, പഞ്ചായത്തടിസ്ഥാനത്തിലോ ഇങ്ങനെ ഒരു വ്യവ സായ ഗൈഡ് ഉണ്ടാക്കാൻ ശ്രമിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിഗണിക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി. ഇട ത്തരം വൻകിടമേഖലകളിൽ ആരംഭിക്കാവുന്ന തരത്തിലുള്ള വ്യവസായസം രംഭങ്ങളുടെ പ്രൊഫൈലുകൾ പ്രമുഖ കൺസൾട്ടൻസികളുടെ സഹായ ത്തോടെ ഇടയ്ക്കിടെ തയ്യാറാക്കി വരുന്നുണ്ട്.

(ബി) ബാധകമല്ല.

കാഷ്യൂ ബോർഡ് രൂപീകരണം

37 (2093)ശ്രീ. പി.ജെ. ജോയി :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. വി. ബാലറാം :

ശ്രീമതി റോസമ്മ ചാക്കോ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന ആവശ്യം സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാംനട പടികൾ സ്വീകരിച്ചു;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിലപാടെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly